കേരള സർക്കാർ

# COVID-19 OUTBREAK CONTROL AND PREVENTION STATE CELL
# HEALTH & FAMILY WELFARE DEPARTMENT
# GOVT. OF KERALA

**Landline:** 0471-2302160 **Mobile:** 9072315151
**Website:** www.dhs.kerala.gov.in **Email:** *controlroomdhskerala@gmail.com*

## പൊതുജനങ്ങളോടുള്ള അഭ്യർത്ഥന

COVID–19 ബാധിത രാജ്യങ്ങളിൽ നിന്നും യാത്രാ ചരിത്രമുള്ളവർ അല്ലെങ്കിൽ അത്തരം യാത്രക്കാരുമായി സമ്പർക്കം പുലർത്തുന്ന വ്യക്തികൾ, വീടുകളിൽ നിരീക്ഷണത്തിൽ തുടരാൻ അഭ്യർത്ഥിക്കുന്നു. ആലിംഗനം അല്ലെങ്കിൽ ഹസ്തദാനം പോലെ സ്പർശിച്ച് കൊണ്ടുള്ള സാമൂഹിക ആശംസകൾ ഒഴിവാക്കുക. നിങ്ങളുടെ മുഖം, മൂക്ക്, കണ്ണുകൾ എന്നിവ സ്പർശിക്കുന്നത് ഒഴിവാക്കുക. തുമ്മുമ്പോഴും, ചുമയ്ക്കുമ്പോഴും വായും, മൂക്കും തുവാല കൊണ്ട് മൂടേണ്ടതും, ഇടയ്ക്കിടെ കൈകൾ സോപ്പും, വെള്ളവും ഉപയോഗിച്ച് കഴുകേണ്ടതുമാണ്. കോവിഡ് –19 രോഗലക്ഷണങ്ങൾ ഉള്ളവരും അവരെ പരിചരിക്കുകയും ചെയ്യുന്ന ആളുകൾ മാത്രമേ മാസ്ക് ധരിക്കേണ്ടതുള്ളൂ. മാസ്ക് ഉപയോഗിക്കുന്നവർ അത് ഉപയോഗിക്കേണ്ട മാർഗങ്ങൾ മനസ്സിലാക്കി ഉപയോഗിക്കേണ്ടതും, ഉപയോഗശേഷം മാസ്കുകൾ ശാസ്ത്രീയമായി തന്നെ സംസ്കരിക്കേണ്ടതുമാണ്. പൊതുജനങ്ങൾ N–95 മാസ്കുകൾ ഉപയോഗിക്കേണ്ടതില്ല.

## തീയതി: 11/03/2020

110 ലോക രാജ്യങ്ങളിൽ കോവിഡ്–19 രോഗം പടർന്നു പിടിക്കുന്നതിനാൽ ലോകാരോഗ്യ സംഘടന പൊതുജനാരോഗ്യ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ രോഗബാധയ്ക്കെതിരെ ജാഗ്രതയും നിരീക്ഷണവും ശക്തിപ്പെടുത്തി. സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 3313 പേർ നിരീക്ഷണത്തിലാണ്. ഇവരിൽ 3020 പേർ വീടുകളിലും, 293 പേർ ആശുപത്രികളിലും നിരീക്ഷണത്തിലാണ്. സംശയാസ്പദമായവരുടെ 1179 സാമ്പിളുകൾ പരിശോധനയ്ക്ക് അയച്ചിട്ടുണ്ട്. ഇതിൽ 889 സാമ്പിളുകളുടെ പരിശോധനാ ഫലം നെഗറ്റിവ് ആണ്. തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ സാമ്പിൾ പരിശോധന ആരംഭിച്ചിട്ടുണ്ട്.

നിലവിൽ സംസ്ഥാനത്ത് കോവിഡ്-19 രോഗം ബാധിച്ച 14 പേരാണുള്ളത്.

കോവിഡ്-19 രോഗബാധയ്ക്കെതിരെ ജാഗ്രതാ നിർദ്ദേശം പുറപ്പെടുവിച്ചിരിക്കുന്നതിനാൽ ജനങ്ങൾ വ്യക്തി ശുചിത്വവും, പരിസര ശുചിത്വവും പാലിക്കേണ്ടതാണ്. തുമ്മുമ്പോഴും, ചുമയ്ക്കുമ്പോഴും വായും, മൂക്കും തൂവാല കൊണ്ട് മൂടേണ്ടതും, ഇടയ്ക്കിടെ കൈകൾ സോപ്പും, വെള്ളവും ഉപയോഗിച്ച് കഴുകേണ്ടതുമാണ്. രോഗബാധിത പ്രദേശങ്ങളിൽ നിന്നും മടങ്ങിയെത്തിയവർ വീടുകളിൽ തന്നെ തുടരേണ്ടതും പൊതു ഇടങ്ങൾ സന്ദർശിക്കുന്നത് ഒഴിവാക്കേണ്ടതുമാണ്. (Home Isolation)

## അനുബന്ധ പ്രവർത്തനങ്ങൾ

- ആരോഗ്യ വകുപ്പ് ജീവനക്കാർക്കും മറ്റ് ഇതര വകുപ്പ് ജീവനക്കാർക്കും വേണ്ട 66 പരിശീലന സഹായികൾ വിഡിയോ രൂപത്തിൽ തയ്യാറാക്കി "കേരള ഹെൽത്ത് ഓൺലൈൻ ട്രെയിനിംഗ്" എന്ന ആരോഗ്യവകുപ്പിന്റെ യൂട്യൂബ് ചാനലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. (https://www.youtube.com/c/keralahealthonlinetraining).
- സംസ്ഥാന കൺട്രോൾ റൂമും ജില്ല കൺട്രോൾ റൂമുകളും തമ്മിൽ പ്രാധാന്യമേറിയ വിവരങ്ങൾ കൈമാറുന്നതിനും വിശകലനം ചെയ്യുന്നതിനും ഏകജാലക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.
- സംസ്ഥാന തലത്തിലും എല്ലാ ജില്ലകളിലും അവശ്യ മാനവവിഭവശേഷി ഉറപ്പു വരുത്താനായുള്ള ടീമുകളെ വിന്യസിച്ചു. വിമാനത്താവള നിരീക്ഷണത്തിനും, ആശുപത്രി നിരീക്ഷണത്തിനും ഗതാഗത സംവിധാനം ഉറപ്പു വരുത്താനും വേണ്ട മാനവവിഭവശേഷി എല്ലാ ജില്ലകളിലും ഉറപ്പ് വരുത്തിയിട്ടുണ്ട്.
- എല്ലാ ജില്ലകളിലേയും തിരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ മതിയായ ഭൗതിക സാഹചര്യങ്ങളും പ്രത്യേക ചികിത്സാ സൗകര്യങ്ങളും ഉറപ്പു വരുത്തിയിട്ടുണ്ട്.
- കൊറോണാ വൈറസ് രോഗബാധ സംശയിക്കുന്ന കുടുംബങ്ങൾക്ക് മാനസിക പിന്തുണ പ്രദാനം ചെയ്യുന്നതിന് വേണ്ടി സംസ്ഥാനത്തൊട്ടാകെ 143 അംഗങ്ങളെ വിവിധ ജില്ലകളിലായി വിന്യസിച്ചിട്ടുണ്ട്. 5287 ടെലിഫോണിക്ക് കൌൺസിലിംഗ് സേവനങ്ങൾ ഇത് വരെ ലഭ്യമാക്കി.
- സംസ്ഥാന തലത്തിൽ കോൾ സെന്ററിന്റെ പ്രവർത്തനം ശക്തിപ്പെടുത്താനായി മൂന്ന് നമ്പരുകൾ കൂടി പ്രവർത്തനം തുടങ്ങി. ഇതോടെ ആറു ഹെൽപ്പ് ലൈൻ നമ്പറുകളാണ് പ്രവർത്തനത്തിൽ ഉള്ളത്.

| ജില്ല | ആകെ നിരീക്ഷണത്തിലുള്ള ആളുകളുടെ എണ്ണം | വീടുകളിൽ നിരീക്ഷണത്തിലുള്ള ആളുകളുടെ എണ്ണം | ആശുപത്രികളിൽ നിരീക്ഷണത്തിലുള്ള ആളുകളുടെ എണ്ണം | ഇന്ന് അഡ്മിറ്റ് ചെയ്യപ്പെട്ടവരുടെ എണ്ണം |
|---|---|---|---|---|
| തിരുവനന്തപുരം | 127 | 114 | 13 | 1 |
| കൊല്ലം | 177 | 167 | 10 | 6 |
| പത്തനംതിട്ട | 892 | 860 | 32 | 17 |
| ഇടുക്കി | 53 | 53 | 0 | 0 |
| കോട്ടയം | 243 | 231 | 12 | 2 |
| ആലപ്പുഴ | 128 | 111 | 17 | 1 |
| എറണാകുളം | 304 | 280 | 24 | 8 |
| തൃശ്ശൂർ | 613 | 535 | 78 | 12 |
| പാലക്കാട് | 102 | 77 | 25 | 4 |
| മലപ്പുറം | 93 | 32 | 61 | 21 |
| കോഴിക്കോട് | 301 | 291 | 10 | 5 |
| വയനാട് | 28 | 27 | 1 | 0 |
| കണ്ണൂർ | 128 | 121 | 7 | 3 |
| കാസർഗോഡ് | 124 | 121 | 3 | 3 |
| ആകെ | 3313 | 3020 | 293 | 83 |